**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1639** **31-08-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന കർഷക ക്ഷേമനിധി ബോർഡ് രൂപീകൃതമായത് എന്നാണ്; കർഷക ക്ഷേമനിധി ബോർഡിന്റെ ഭരണ നിർവഹണത്തിനായി ബൈലോ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | (എ) | കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019 ലെ 26 ആം നമ്പർ ആക്ട്) അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2020 ഒക്ടോബറിൽ കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. 2020 ഒക്ടോബർ 14 നാണ് ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും, കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. ബോർഡിന്റെ ബൈലോ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ